# കലാപകാലത്തെ വിധവകളുടെ ജീവിതവുമായി റയറ്റ് വിഡോസ്

**വടക്കാഞ്ചേരി:** വൈകാരികതയിൽ ഇല്ലാതാവുന്ന മാനവികത പുതിയ വിഷയമല്ല. പക്ഷേ ബഷീർ എന്ന ന്യായാധിപന്റെ പേനയിലൂടെ വർഗ്ഗീയ കലാപം നടന്ന ചേരിയിലെ വിധവകളുടെ ജീവിതസമരം നോവലായി പിറന്നുവെന്നത് പുതുമ പകരുന്നു.

ന്യായാധിപനായി 12 വർഷമായി പ്രവർത്തിക്കുന്ന വടക്കാഞ്ചേരി ചെമ്പോട് സ്വദേശി എ.എം. ബഷീറിന്റെ 'റയറ്റ് വിഡോസ്' എന്ന ഇംഗ്ലീഷ് നോവൽ ദില്ലിയിലെ പ്രമുഖ പ്രസാധകരാണ് പുറത്തിറക്കിയത്.

ചങ്ങനാശ്ശേരിയിൽ ജുഡീഷ്യൽ മജിസ്ട്രേറ്റായി ഇപ്പോൾ പ്രവർത്തിക്കുന്ന ബഷീർ നേരത്തെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ മുൻസിഫായും മജിസ്ട്രേറ്റായും പ്രവർത്തിച്ചിട്ടുണ്ട്.

245 പേജുള്ള നോവലിന്റെ പശ്ചാത്തലം വർഗ്ഗീയകലാപം നടന്ന ചേരിയാണ്. പുരുഷന്മാരായ ഇരകളുടെയും പ്രതികളുടെയും പൂർണ്ണമായ അസാന്നിധ്യത്തിൽ ചേരിയിൽ ഒറ്റപ്പെട്ട വിധവകളുടെ ജീവിതത്തിന്റെ നിറക്കാഴ്ചയായി മാറുന്നു നോവൽ. നോവൽ പരിചയപ്പെടുത്തുന്നത് എഴുത്തുകാരനും കേന്ദ്രമാനവവിഭവശേഷി മന്ത്രിയുമായ ശശി തരൂരാണ്.




വടക്കാഞ്ചേരി ചെമ്പോട് അമ്മണത്ത് മൊയ്തുണ്ണിയുടെയും ഹവ്വാഉമ്മയുടെയും ആറാമത്തെ മകനാണ് ബഷീർ. പ്രീഡിഗ്രി കഴിഞ്ഞ് നിയമപഠനത്തിന് പോകുന്നതിന് വിദ്യാഭ്യാസവായ്പ ലഭിക്കാതെ വന്നപ്പോൾ അന്നത്തെ പ്രധാനമന്ത്രി രാജീവ്ഗാന്ധിക്ക് കത്തെഴുതി. വായ്പ നിഷേധിച്ച് അധിക്ഷേപിച്ച് വിട്ട ബാങ്ക് മാനേജർ ബഷീറിന്റെ വീട്ടിലെത്തി വായ്പാ നടപടി പൂർത്തീകരിച്ചു. മാനേജർക്ക് വടക്കേ ഇന്ത്യയിലേക്ക് സ്ഥലമാറ്റവും ഇതുവഴി ലഭിച്ചു. പ്രധാനമന്ത്രിയുടെ ഓഫീസാണ് നടപടി സ്വീകരിച്ചത്.

നിയമ വിദ്യാർത്ഥിയായിരിക്കെ ആദ്യ കഥാസമാഹാരം 'ഒരു പോരാളി ജനിക്കുന്നു' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. ഇതിന് ചെറുകാട് സ്മാരക സമിതി പുരസ്കാരവും ലഭിച്ചു. കോഴിക്കോട് പ്രിൻസിപ്പൽ മുൻസിഫായിരിക്കെ 2007ൽ മാതൃഭൂമി ബുക്സ് ബഷീറിന്റെ ആദ്യമലയാള നോവൽ 'ഉറുപ്പ്' പ്രസിദ്ധീകരിച്ചു. മൂന്നാമത്തെ പുസ്തകമാണ് ഇപ്പോൾ അച്ചടി പൂർത്തീകരിച്ച ഇംഗ്ലീഷ് നോവൽ 'റയറ്റ്വിഡോസ്' ഓണക്കാലത്ത് വടക്കാഞ്ചേരി ശ്രീകേരളവർമ്മ പബ്ലിക് ലൈബ്രറിയിൽ പുസ്തകത്തിന്റെ പ്രകാശനം നിശ്ചയിച്ചിട്ടുണ്ട്.